പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1789 **26-10-2026-ൽ മറുപടിയ്ക്ക്**

നവ കേരള സദസുമായി ബന്ധപ്പെട്ട് ഗുരുവായൂർ നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) നവ കേരള സദസുമായി ബന്ധപ്പെട്ട് ഗുരുവായൂർ നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ചതോ പരിഗണനക്കായി തിരഞ്ഞെടുത്തതോ ആയ വികസന പദ്ധതികൾ/പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;മേൽപ്പറഞ്ഞ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

മറുപടി:

ക്രമ നം.	പദ്ധതി	തുക (കോടി)	ഭരണവകുപ്പ്
1.	ചാവക്കാട് നഗരസഭാ - മുൻസിപ്പൽ ടൗൺഹാൾ നിർമാണം	₹ 7	തദ്ദേശ സ്വയംഭരണ വകുപ്പ്

കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭൂമി റവന്യൂ രേഖകളിൽ 'നിലം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഭൂമി ഡാറ്റാബാങ്കിൽ ഉൾപെട്ടിട്ടില്ലാത്തതും ഇതുവരെ തരം മാറ്റി ലഭിച്ചിട്ടില്ലാത്തതുമാണ്. പദ്ധതിക്കായി അനുവദിച്ചിട്ടുള്ള 7 കോടി രൂപ വിനിയോഗിച്ച് ആദ്യഘട്ട നിർമ്മാണം മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. തുടർഘട്ടത്തിനാവശ്യമായ ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് നിലവിൽ വ്യക്തതയില്ല. കൂടാതെ, നിലവിലെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പദ്ധതിയുടെ പ്രവർത്തനപരമായ ആവശ്യകതകൾ നിറവേറ്റുന്നതായി കണ്ടെത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ, ഭൂമിയുടെ തരംമാറ്റം, തുടർഘട്ടത്തിനുള്ള ധനലഭ്യത, പദ്ധതിയുടെ പ്രവർത്തനപരമായ ആവശ്യകതകൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ